# ‘ദൈവത്തിലുള്ള ഉറപ്പ് ’

## 1 ശമുവേൽ 14:6

“പക്ഷെ യഹോവ നമുക്കുവേണ്ടി പ്രവർത്തിക്കും, അധികംകൊണ്ടോ അല്പംകൊണ്ടോ രക്ഷിപ്പാൻ യഹോവെക്കു പ്രയാസമില്ലല്ലോ എന്നു പറഞ്ഞു.”

യോനാഥാനും തന്റെ ആയുധവാഹകനും മാത്രം ചേർന്ന് പടയ്ക്കു പുറപ്പെടുന്നതിനു മുമ്പ് യോനാഥാൻ അവന്റെ ആയുധവാഹകനു കൊടുക്കുന്ന ഉറപ്പാണ് നാം വായിച്ച വേദഭാഗം. പ്രസ്തുത വാക്യത്തിന്റെ പശ്ചാത്തലം നോക്കിയാൽ യുദ്ധത്തിനുള്ള സകല സന്നാഹങ്ങളും, സാഹചര്യങ്ങളും അവർക്ക് പ്രതികൂലം. കാരണം ഫെലിസ്ത്യരെ ഭയന്ന യിസ്രായേൽ ജനം പാറകളിലും, ഗഹ്വരങ്ങളിലും, കുഴികളിലും ചെന്ന് ഒളിച്ചിരുന്നു. കടൽപ്പുറത്തെ മണൽപോലെ അസംഖ്യമുണ്ടായിരുന്ന ജനം (1 Samuel 13:5,7) ഇപ്പോൾ വെറും 600 പേർ മാത്രം (1 Samuel 14:2), മാത്രമല്ല യോനാഥാന്റെ പിതാവും രാജ്യത്തിന്റെ രാജാവുമായവൻ മാതളനാരകത്തിൻ കീഴിൽ ഇരിക്കുന്നു (1 Samuel 14:2). ജനം ഭീതിയുടെയും ഉപദ്രവത്തിന്റെയും മധ്യത്തിലായിരിക്കുമ്പോഴും അവരെ നയിക്കേണ്ട നേതൃത്വം ഇവിടെ വിശ്രമത്തിലാകുന്നു. വീണ്ടും നമുക്കു കാണാം, ജനം ഇവിടെ നിരായുധരാകുന്നു (1Samuel 13:19-22). ജനം ആയുധം തീർപ്പാൻ പാടില്ലന്ന് ഫെലിസ്ത്യർ താക്കീത് നൽകിയിരുന്നു. ഇവിടെ യോനാഥനും ശൗലിനും മാത്രമേ തങ്ങളുടെ കൈവശം വാളും കുന്തവും ഉണ്ടായിരുന്നുള്ളു. അങ്ങനെ തങ്ങൾക്ക് അനുകൂലമായ ഒരു ഘടകങ്ങളും ഇല്ലാതിരിക്കെ, യോനാഥാൻ ദൈവത്തിലുള്ള ഉറപ്പും, ധൈര്യവും ഇവിടെ വെളിപ്പെടുത്തുകയാണ്. എത്ര സാഹസത്തോടും ഉറപ്പോടും കൂടെയാണ് അവൻ പുറപ്പെടുന്നത്. സ്വന്തം പിതാവിനോടു പോലും പറയാതെയാണ് തന്റെ ആയുധവാഹകനോട് “വരിക നമുക്ക് ഈ അഗ്രചർമ്മികളുടെ പട്ടാളത്തിന്റെ നേരെ ചെല്ലാം” എന്ന് അവൻ പറയുന്നത്.

തുടർന്ന് വായിക്കുമ്പോൾ നമുക്ക് കാണാം. “സർവ്വജനത്തിലും നടുക്കമുണ്ടായി പട്ടാളവും കവർച്ചക്കാരും കൂടെ വിറച്ചു, ഭൂമി കുലുങ്ങി, വലിയൊരു നടുക്കം ഉണ്ടായി.” (1Samuel 14:15) എന്നാണ് ഈ യുദ്ധത്തെപ്പറ്റി ദൈവവചനം പറയുന്നത്.

ഈ യുദ്ധത്തിലൂടെ യോനാഥാന്റെ സമീപനം നമ്മെ വലിയ ഒരു പാഠം പഠിപ്പിക്കുന്നു. അതേ, വിശ്വാസത്തോടും ഉറപ്പോടും ക്രിസ്തുവിൽ മുന്നേറുന്ന ദൈവപൈ

തലിനുവേണ്ടി ദൈവം ചെയ്ത അടയാളം എത്ര വലുതാകുന്നു. സംഖ്യയിൽ വെറും രണ്ടു പേർ എങ്കിലും സൈന്യത്തെ മുഴുവൻ നടുക്കുവാനും, വിറപ്പിക്കുവാനും, കുലുക്കുവാനും ഇവർക്ക് കഴിഞ്ഞു. ശത്രുവിന്റെ മുമ്പാകെ നേർക്കുനേർ ചെന്ന് താൻ ആരെന്ന് തെളിയിക്കുവാനും ജയം കൊടുക്കാനും ദൈവം സഹായകനായി നമുക്ക് ഉണ്ട് എന്ന് വെളിപ്പെടുത്തണം.

വലുതോ ചെറുതോ എന്നുള്ളത് അല്ല, കർതൃകരങ്ങളിൽ കൊടുത്ത് ധൈര്യത്തോടും ഉറപ്പോടും മുന്നേറുമ്പോൾ ശത്രുവിന്റെ തല അവൻ താഴ്ത്തും. നമ്മുടെ ജീവിതത്തിനു നേരെ ആഞ്ഞടിക്കുന്ന പ്രതികൂലങ്ങളിലും പോരാട്ടങ്ങളിലും അശക്തരും ബലഹീനരും എന്നുപറഞ്ഞ് പിന്മാറുകയോ പരാജയപ്പെടുകയോ ചെയ്യേണ്ട എന്ന് യോനാഥാൻ എന്ന വീരപുരുഷനിലൂടെ ദൈവം തെളിയിച്ചു. അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചവൻ അവൻ ഓരോ ദൈവപൈതലിനും മതിയായവനായി കൂടെയുണ്ട്. അധികമോ, അല്പമോ അല്ല വിഷയം രക്ഷിപ്പാൻ കഴിവുള്ളവൻ സദാ നമുക്കുണ്ട്. അവനിൽ നമുക്ക് ആശ്രയിക്കാം. വിശ്വസിക്കാം. ഉറപ്പോടെ, ധൈര്യത്തോടെ പോരാട്ടങ്ങളെ ജയിച്ചു കീഴടക്കാൻ കർത്തന്റെ സാന്നിദ്ധ്യം ഇടയാക്കട്ടെ.

പരാമർശം :

റോമർ 8:31

ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ?

സിസ്റ്റർ ബിന്ദു റെജി അയ്മനം 116